**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 410 29.06.2016-ൽ മറുപടിയ്ക്ക്

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഭൂഗർഭ കേബിൾ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ കേബിൾ സംവിധാനമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട മുളവുകാട് പഞ്ചായത്ത്, കൊച്ചി താലൂക്കിൽ ഉൾപ്പെട്ട എടവനക്കാട്, എളങ്കുന്നപ്പുഴ, നായരമ്പലം, ഞാറക്കൽ എന്നീ പഞ്ചായത്തുകളിലെ പ്രദേശങ്ങളിലാണ് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നത്. |
| (ബി) ഏത് സ്കീം പ്രകാരമാണ് ടി പ്രവൃത്തി നടപ്പാക്കിവരുന്നതെന്നും ഇതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ ; | (ബി) പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി (RAPDRP) കൊച്ചി പ്രകാരമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കി വരുന്നത്. ഇതിലേക്കായി 2092 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. |
| (സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും ഇനിയും ബാക്കിയുള്ള പ്രദേശങ്ങളിൽക്കൂടി പ്രസ്തുത പ്രവൃത്തി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ? | (സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി നീട്ടിക്കിട്ടുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചു വരുന്നു. കരാർ കാലാവധി നീട്ടുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കും. RAPDRP പദ്ധതിയിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ അനുമതി ലഭിച്ച പ്രദേശങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. പദ്ധതിയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളെ പുതിയ പദ്ധതികൾ വരുന്ന മുറയ്ക്ക് ഉൾപ്പെടുത്താവുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ.**